**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 30.08.2025 മുതൽ 03.09.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 35/2025 (69) വെള്ളിയാഴ്ച്ച** | **തീയ്യതി 29/08/2025** |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 30.08.2025 | 31.08.2025 | 01.09.2025 | 02.09.2025 | 03.09.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 10 | 3 | 2 | 3 | 3 |
| ഉയർന്ന താപനില (°C) | 26 | 26 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 23 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 85 | 85 | 85 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 3 | 6 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 230 | 250 | 230 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 7 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ:-. കൃഷിയിടങ്ങൾ ആവശ്യാനുസരണം നനച്ചു കൊടുക്കുക. വിളകൾക്ക് പുതയിട്ടു കൊടുക്കുക. കീടരോഗ സാധ്യത കൂടിയ സമയമായതിനാൽ തുടക്കത്തിൽ തന്നെ അത് തടയാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) കതിരു വന്ന പരുവം | ചാഴി | കതിര് നിരന്നുകൊണ്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ ചാഴിയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ നെൽപ്പാടങ്ങളിൽ ഈ സമയത്ത് ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| തെങ്ങ് | കൊമ്പൻ ചെല്ലി | നല്ല രീതിയിൽ തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു. ചാണകക്കുഴികളിലും വണ്ടിന്റെ പ്രജനനം നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും മെറ്റാറൈസിയം എന്ന മിത്രകുമിൾ 250 ഗ്രാം 750 മില്ലി വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുകയും പെരികലത്തിന്റെ ഇല ഇതിൽ ഇട്ടു കൊടുക്കുകയും ചെയ്യുക |
| വാഴ | തടതുരപ്പൻ | തടതുരപ്പൻ വണ്ടിനെതിരെ വാഴത്തട കഷണങ്ങളിൽ ബ്യൂവേറിയ പുരട്ടി കൃഷിയിടത്തിൽ പല ഭാഗങ്ങളിൽ വച്ച് കെണികൾ ഒരുക്കുക. ഗുരുതരമായ ആക്രമണമാണെങ്കിൽ ക്ലോർപൈറിഫോസ് (2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ക്വിനാൽഫോസ് (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ഇലക്കവിളുകളിൽ തളിച്ചുകൊടുക്കുക. |

മൃഗസംരക്ഷണം-: തീറ്റ ചാക്കുകൾ ചുമരിൽ ചാരി വക്കാതെ മരപ്പലകയുടെയോ ഇരുമ്പ് പലകയുടെയോ മുകളിൽ സൂക്ഷിക്കുക. തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷബാധയ്ക്ക് കാരണമാകും.